## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 910** **14-01-2021 - ൽ മറുപടിയ്ക്ക്**

## ക്ഷീര കർഷകരുടെ ക്ഷേമത്തിനായി നവീന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. 1. ഗുണമേന്മയുള്ള വർഗ്ഗഗുണമുള്ള ഉരുക്കളെ ലഭ്യമാക്കുക. 2. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക 3. കാലിത്തീറ്റ ധനസഹായം 4. പാലിന് ഇൻസെന്റീവ് 5. ഫാം യന്ത്രവൽക്കരണം സാധ്യമാക്കുക 6. പാൽ സംഭരണ, സംസ്കരണ, വിതരണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക 7. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. കൂടാതെ മിൽമ മലബാർ മേഖല യൂണിയൻ കിടാരി സംരക്ഷണ പദ്ധതി 50% ധനസഹായത്തോടെ കന്നുകുട്ടികൾക്ക് ആവശ്യമായ കാലിത്തീറ്റ ഒന്നര വർഷക്കാലത്തേക്ക് നൽകി കൊണ്ട് 5000 പശുക്കുട്ടികളെ പരിപാലിച്ചു വരുന്നു. കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശു പരിപാലനത്തിന് കറവമാടുകൾ, തൊഴുത്ത്, കാലിത്തീറ്റ, ഇൻഷുറൻസ് എന്നിവ സൗജന്യമായി നൽകി വരുന്നു. ക്ഷീര സംഘങ്ങൾ വഴി 2019-20 വർഷം 4018 മെട്രിക് ടൺ പച്ചപ്പുല്ല് സബസിഡിയോടു കൂടി കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 'ഫാം സപ്പോർട്ട്' സബ്സിഡി വഴി കൂടുതൽ പശുക്കൾ ഉള്ള ആധുനിക ഡെയറി ഫാമുകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) | കൃഷി ഒരു സംസ്കാരമായി കണ്ടിരുന്ന കേരള ജനതയെ കാലിവളർത്തൽ രംഗത്തേക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി, ക്ഷീരഗ്രാമം പദ്ധതി എന്നിവയാണ് കേരള ജനതയെ കാലിവളർത്തൽ രംഗത്തേക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ. കൂടാതെ മിൽമ എറണാകുളം മേഖല യൂണിയൻ അകിടുവീക്ക |

| | | | |
|---|---|---|---|
| | | | നിയന്ത്രണത്തിലുള്ള പ്രത്യേക പദ്ധതി, വൈക്കോൽ വിതരണത്തിനും കറവയന്ത്രത്തിന് സബ്സിഡി, 50 ലിറ്ററോ അതിലധികമോ പാൽ സംഘങ്ങളിൽ അളക്കുന്ന ഫാം സെക്ടർ കർഷകർക്ക് ലിറ്ററിന് 20 പൈസ നിരക്കിൽ ഫാം ഇൻസെൻറീവ്, സംഘങ്ങളിൽ പാൽ നൽകുന്ന കർഷകരുടെയും മുഴവൻ കറവപ്പശുക്കളെയും വിരവിമുക്തമാക്കുന്നതിനുള്ള പദ്ധതി, ലോൺ എടുത്ത് പശുക്കളെ വാങ്ങുന്നവർക്ക് കന്നുകാലി ലോൺ പലിശ സബ്സിഡി, റബർമാറ്റുകൾ വാങ്ങുന്നതിന് സബ്സിഡി, പാൽ ക്യാനുകൾ വാങ്ങുന്നതിന് സബ്സിഡി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |
| (സി) | ക്ഷീര കർഷകരുടെ ക്ഷേമത്തിനായി നവീനമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ? | (സി) | ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ക്ഷീരസാന്ത്വനം ഇൻഷുറൻസ്, കണ്ടിജൻസി ഫണ്ട്, ഫാമുകളുടെയും തീറ്റപ്പുൽ കൃഷിത്തോട്ടങ്ങളുടെയും യന്ത്രവൽക്കരണം, വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി, ഗ്രാമ പഞ്ചായത്തുകളെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനുള്ള ക്ഷീരഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ